(ഇ) ഇല്ല.

(എഫ്) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

കോവളത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുവാൻ നടപടി

100 (4708) ശ്രീ. പി. ജെ. ജോയി :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര സാദ്ധ്യതകളെപ്പറ്റിയുള്ള എന്തെങ്കിലും പഠന റിപ്പോർട്ട് 2002 ആഗസ്റ്റിൽ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിനോദസഞ്ചാരികളുടെ വരവ് കൂടുന്നതായാണോ കുറയുന്നതായാണോ പ്രസ്തുത റിപ്പോർട്ടിൽ സൂചിപ്പിക്കുന്നത് ;

(സി) കോവളത്തുള്ള വിനോദസഞ്ചാരികളുടെ വരവ് കുറഞ്ഞിട്ടുള്ളതായി പ്രസ്തുത റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ് ;

(ഡി) വിനോദസഞ്ചാര കേന്ദ്രമെന്ന നിലയിൽ കോവളത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് ചെയ്യാനുദ്ദേശിക്കുന്നത് ?

ഉത്തരം

(എ) കോവളത്തിന്റെ വികസനത്തെപ്പറ്റി ശാസ്ത്രീയ പഠനം നടത്തുന്നതിന് രൂപീകരിക്കപ്പെട്ട മൂന്നംഗ കമ്മിറ്റിയുടെ റിപ്പോർട്ട് 2002 ആഗസ്റ്റിൽ ലഭിച്ചിട്ടുണ്ട്.

(ബി&സി) 1998 മുതൽ 2000 വരെയുള്ള കണക്ക് ടി റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ 1998-ൽ 1,89,941-ഉം 2000-ൽ 2,09,933-ഉം വിനോദസഞ്ചാരികൾ എത്തിച്ചേർന്നിട്ടുണ്ട്.

(ഡി) ഒരു അന്താരാഷ്ട്ര വിനോദസഞ്ചാര കേന്ദ്രമെന്ന നിലയിൽ ഇപ്പോൾതന്നെ കോവളം ലോകശ്രദ്ധയാകർഷിച്ചിട്ടുണ്ട്. കോവളത്ത് വിനോദ സഞ്ചാരികൾക്ക് കൂടുതൽ സൗകര്യങ്ങളൊരുക്കുന്നതിന്റെ ഭാഗമായി റോഡുകൾ, ശുദ്ധജല സംവിധാനം, ഡ്രെയിനേജ്, മാലിന്യസംസ്ക്കരണം, പാർക്കിംഗ് സൗകര്യം എന്നിവ ഒരുക്കുന്നതിന് മുന്തിയ പരിഗണന നൽകി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

കോവളത്തെ അശോക ബീച്ച് റിസോർട്ട്

101 (4709) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോവളത്തെ അശോക് ബീച്ച് റിസോർട്ട് കേന്ദ്ര ഗവൺമെന്റ് സ്വകാര്യ വ്യക്തിക്ക് വിൽപ്പന നടത്തിയ അവസരത്തിൽ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കുകയുണ്ടായോ ;

LIBRARY ARCHIVES Kerala Legislative Assembly